**31-10-2023 തീയ്യതിയിൽ നടന്ന ഉപജില്ലാ അദാലത്ത് സമിതി 1 യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും**

**ഹാജർ**

1.സതീശൻ കെ വി കൺവീനർ ഇന്റേണൽ വിജിലൻസ് ഓഫീസർ

2.നിധിൻ എസ് ഡെപ്യൂട്ടി ടൌൺ പ്ലാനർ കണ്ണൂർ

3.ബിജു പി വി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

തദ്ദേശ സ്ഥാപന പ്രതിനിധികൾ

1.അനിത സി ടി അസി. എഞ്ചിനീയർ ചെറുതാഴം ഗ്രാമപഞ്ചായത്ത്

2.ഷൈന യു കെ സീനിയർ ക്ലർക്ക് ചെറുതാഴം ഗ്രാമപഞ്ചായത്ത്

3.കവിത എം അസി.എഞ്ചിനീയർ കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്

4.രജനി എം കെ സീനിയർ ക്ലർക്ക് കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്

5.സുരേശൻ കെ പി സീനിയർ ക്ലർക്ക് മാട്ടൂൽ ഗ്രാമപഞ്ചായത്ത്.

6.മിൽന എൽ എം ഓവർസീയർ മാട്ടൂൽ ഗ്രാമപഞ്ചായത്ത്.

പരാതിക്കാർ /പ്രതിനിധികൾ

1.കെ രമേശൻ

2.എ അച്ചുതൻ

യോഗം രാവിലെ 10.30 ന് ആരംഭിച്ചു

അജണ്ട 1

കഴിഞ്ഞ യോഗങ്ങളിലെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച്

(1).കണ്ണപുരം ഗ്രാമപഞ്ചായത്ത് ശ്രീ മനോജ് കുമാറിന്റെ അപേക്ഷയിൽ ഫീസ് ഒടുക്കുന്നതിന് അറിയിപ്പ് നൽകിയതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ഫീസ് ഇതുവരെ അടവാക്കിയിട്ടില്ല .ഫീസ് ഒടുക്കുന്ന മുറക്ക് ലൈസൻസ് അനുവദിക്കുന്നതിന് നിർദ്ദേശം നൽകി.

(2).രാമന്തളി ഗ്രാമപഞ്ചായത്ത്

1.ശ്രീ.ഷാഹുൽ ഹമീദിന്റെ അപേക്ഷയിൽ കേരള കോസ്റ്റൽ സോൺ മാനേജ് മെന്റ് കമിറ്റി തിരുവനന്തപുരത്തിന് നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിന് അയച്ചിട്ടുണ്ടെന്ന സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അതുപ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി.

2.ചാൾസൺ എന്നവർക്ക് എല്ലാ അപാകതകളും രേഖപ്പെടുത്തി അദാലത്ത് നിർദ്ദേശിച്ച പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പരിഹരിച്ച് അപേക്ഷ നൽകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി

3.മുസ്തഫ രാമന്തളി എന്നവരുടെ അപേക്ഷയിൽ അനുവദിച്ച പെർമിറ്റിൽ നിന്ന് നിർമ്മാണം വ്യതിചലിച്ചതിനാൽ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ നൽകേണ്ടതാണെന്ന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പരിഹരിച്ച് അപേക്ഷ നൽകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി

4.അസ്ല കെ എൻ എന്നവരുടെ കെട്ടിടത്തിന് നമ്പർ അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട് .തുടർനടപടികൾ അവസാനിപ്പിച്ചു.

**അജണ്ട** മടയന്റെ വളപ്പിൽ ഹഫ്സത്ത് മാട്ടൂൽ എന്നവരുടെ പരാതി

**തീരുമാനം.**

ഒന്നേ കാൽ സെൻറ് ഭൂമിയിൽ 60 M2 വലുപ്പമുള്ള കട മുറികൾക്ക് കെട്ടിട നമ്പർ അപേക്ഷ നൽകി 3 വർഷത്തിൽ അധികമായി പ്രയാസം നേരിടുന്നു. ഇതുവരെ നൽകിയിട്ടില്ല. പകരം വലിയ നികുതി തുകയോടെ താത്കാലിക നമ്പറാണ് ലഭിച്ചത്. പ്രവാസം വിട്ടു വന്ന എന്റെ ജീവിതോപാധിയായ ഈ കൊച്ചു കടമുറികൾക്ക് സാധാരണ നിലയിലുള്ള പെർമെനൻറ് ആയ നമ്പർ നൽകണമെന്നാണ് പരാതിക്കാരിയുടെ ആവശ്യം, .

12.11.21 ന് മടയന്റെ വളപ്പിൽ ഹഫ്സത്ത് മാട്ടൂൽ സമർപ്പിച്ച ക്രമവൽക്കരണ അപേക്ഷ പരിശോധിച്ചതിൽ നിലവിൽ പ്ലോട്ട് ഏരിയക്ക് വെളിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ എക്സ്റ്റെൻഷനായാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും അപേക്ഷയിൽ പറയുന്ന കെട്ടിടത്തിന്റെ ഒന്ന്,രണ്ട് നിലകളിലേക്കുള്ള പ്രവേശന മാർഗ്ഗം പ്ലോട്ട് ഏരിയക്ക് വെളിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ സ്റ്റെയർകേസ് ആണെന്നും ആവശ്യമായ ശുചിമുറി,സെപ്റ്റിക്ക് ടാങ്ക് എന്നിവ നിർമ്മിച്ചിട്ടില്ല. അപേക്ഷകയുടെയും മുണ്ടന്റകത്ത് അബ്ദുൾ റഹീം എന്നവരുടെയും ഉടമസ്ഥതയിലുള്ള 8/266 A,B,C,D,E,F,G,H എന്നീ നമ്പറുകൾ പതിച്ച ക്വാർട്ടേസ് സ്ഥിതി ചെയ്യുന്ന ഭൂമി വിഭജിച്ച് 1.28 ആർ അപേക്ഷകക്ക് നൽകിയതിലാണ് കെട്ടിട നിർമ്മാണം നടത്തിയതെന്നും അപ്രകാരം നടത്തിയപ്പോൾ നിലവിലുള്ള കെട്ടിടത്തിലേക്കുള്ള മാർഗ്ഗം,പാർക്കിംഗ് ഏരിയ എന്നിവ ഇല്ലാതാകുന്നു. . KPBR2019 Rule 35(1)(1),29(9),28(6),26(5),79(2),23(1),42(1),26(4) ചട്ടങ്ങളുടെ ലംഘനം നിലനിൽക്കുന്നു ഈ അപാകതകൾ നിലനിൽക്കുന്നതിനാലാണ് അനധികൃത നമ്പർ നൽകി നികുതി ഈടാക്കുന്നതെന്ന് സെക്രട്ടറി അറിയിച്ചു.മേൽ നടപടിയിൽ അപാകത ഇല്ലെന്ന് നിരീക്ഷിച്ചു. പരാതി നിരസിച്ചു തീരുമാനിച്ചു

അജണ്ട. ശ്രീ.അപ്യാൽ അച്ചുതൻ ,സാമിമുക്ക് പെരളം,എന്നവരുടെ പരാതി

തീരുമാനം.ശ്രീ.അപ്യാൽ അച്ചുതന്റെ അപേക്ഷയിൽ 21-09-21 തീയ്യതിയിൽ 11 അപാകതകൾ രേഖപ്പെടുത്തി അറിയിപ്പ് നൽകിയിട്ടുണ്ടെന്നും 25-1-22 ന് പുനഃസമർപ്പിച്ച അപേക്ഷ പരിശോധിച്ച് 8 അപാകതകൾ നിലനിൽക്കുന്നതിനാൽ കെട്ടിടനിർമാണം ക്രമവൽക്കരിക്കുന്നതിന് സാധിക്കുകയില്ലെന്നും 23-02-21 ന് അപേക്ഷകനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.പ്രസ്തുത അപാകതകൾ ഇപ്പോഴും പരിഹരിച്ചിട്ടില്ലെന്ന് അപേക്ഷകൻ അദാലത്തിൽ ശരിവെച്ചു.

ആയതിനാൽ പഞ്ചായത്തിന്റെ നടപടികളിൽ വീഴ്ച ഇല്ല.അപാകതകൾ പരിഹരിക്കാൻ സഹായകമായ നിർദ്ദേശങ്ങൾ പരാതിക്കാരന് നൽകി. പരിഹരിച്ച് അപേക്ഷ നൽകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി .

അജണ്ട

ശ്രീ.കെ.രമേശൻ.സെക്രട്ടറി, ഏ.കെ.ജി.വായനശാല എന്നവരുടെ പരാതി

തീരുമാനം

ഗ്രൂപ്പ് ഡി സമ്മേളന കൈവശഗണത്തിൽ പെട്ട 200 ച.മീ. അധികരിക്കുന്ന കെട്ടിട നിർമാണാനുമതിക്കുള്ള അപേക്ഷയിൽ 11 അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ട്.

നിലവിലുള്ള വായനശാലാ കെട്ടിടത്തിന്റെ കൂട്ടിചേർക്കലും ഒന്നാം നില പണിയുന്നതിനുമാണ് അപേക്ഷിച്ചിട്ടുള്ളതെന്നും പൊതുആവശ്യത്തിനായി റോഡ് നിർമ്മാണത്തിന് നിലവിലുള്ള കെട്ടിടത്തിനോട് ചേർന്ന് വായനശാലാ സ്ഥലം വിട്ടു നൽകിയതുകൊണ്ട് ആവശ്യമായ തുറന്ന സ്ഥലം മറ്റ് ക്രമീകരണം ഏർപ്പെടുത്തുന്നതിന് സാധിക്കാതതെന്നും കൂടാതെ അംഗനവാടി നിർമ്മിക്കുന്നതിനുള്ള സ്ഥലവും വായനശാല വിട്ടു നൽകിയതാണെന്നും ബഹു.കല്ല്യാശ്ശേരി എം എൽ എ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപെടുത്തിയാണ് നിർമ്മാണം നടത്തുന്നതെന്നും പൊതു ജനങ്ങളുടെ ഉപയോഗത്തിനുള്ള ഈ കെട്ടിട നിർമ്മാണത്തിന് ചട്ടത്തിൽ ഇളവ് നൽകണമെന്നും പരാതിക്കാർ ആവശ്യപ്പെട്ടു.

മേൽ വസ്തുതകൾ പരിശോധിച്ചു.ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നത് ഈ സമിതിയുടെ അധികാരപരിധിയിൽ വരുന്നതല്ല. പരാതി ജില്ലാ തല സമിതിയുടെ പരിഗണനക്ക് വിടുന്നതിന് തീരുമാനിച്ചു.

യോഗം ഉച്ചക്ക് ശേഷം 3.30 ന് അവസാനിച്ചു.